ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

		രൂ.	ന. പ.
(എ)	കോളനൈസേഷൻ സ്കീം	7,42,891	69
	സെറ്റിൽമെന്റ് സ്കീം	2,39,095	77
	മറ്റു ഹൗസിംഗ് പദ്ധതികൾ	38,86,007	60
	ആകെ	4867995	06

(ബി)	കോളനൈസേഷൻ സ്കീം	90	വീടുകൾ
	സെറ്റിൽമെന്റ് സ്കീം	365	,,
	മറ്റു ഹൗസിംഗ് പദ്ധതികൾ	506	,,
	ആകെ	961	വീടുകൾ

വെൽഫെയർ സ്കൂളുകൾ

* 522. [6] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിജനക്ഷേമവകുപ്പിന്റെ കീഴിലുള്ള വെൽഫെയർ സ്കൂളുകളിൽ 3-ാം സ്റ്റാൻഡാർഡു മുതൽ ഇംഗ്ലീഷ് പഠിപ്പിക്കുന്ന സമ്പ്രദായം ഇന്നു നിലവിലുണ്ടോ ;

(ബി) എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള എൽ. പി. സ്കൂളുകളിൽ 3-ാം സ്റ്റാൻഡാർഡു മുതൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിനു പ്രത്യേകം കുറെ അദ്ധ്യാപകന്മാരെ സെലക്റ്റുചെയ്തു അവർക്കു പ്രത്യേക പരിശീലനം കൊടുത്തതുപോലെ ഹരിജൻ വെൽഫെയർ സ്കൂൾ അദ്ധ്യാപകന്മാർക്ക് പ്രത്യേക പരിശീലനം കൊടുത്തുവോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

(എ) ഉണ്ട്.

(ബി) പ്രത്യേക പരിശീലനം ഇതുവരെ കൊടുത്തില്ല. ഈ കാര്യം ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുകയാണ്.

ശ്രീ. പി. സി. ആദിച്ചൻ : എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിൽനിന്നും കുറെ അദ്ധ്യാപകന്മാരെ എടുത്തു പരിശീലനം കൊടുത്തതായി എനിക്കു നേരിട്ടറിയാം. അങ്ങനെ ഒരു വിഭാഗക്കാർക്ക് പരിശീലനം കൊടുക്കുകയും വെൽഫെയർ സ്കൂളുകളിലെ അദ്ധ്യാപകന്മാർക്കു പരിശീലനം കൊടുക്കാതിരിക്കുകയും ചെയ്യുമ്പോൾ പഠിപ്പിക്കുന്നതിൽ വ്യത്യാസമുണ്ടാവുകയില്ലേ ? അങ്ങനെ വ്യത്യാസം വരുമ്പോൾ വെൽഫെയർ സ്കൂളുകളിലെ വിദ്യാഭ്യാസം മോശമാണെന്നു റിപ്പോർട്ടുചെയ്യാൻ ഇടവരികയില്ലേ ?

ശ്രീ. കെ. കുഞ്ഞമ്പു : പരിശീലനം കൊടുക്കേണ്ടെന്നു പറഞ്ഞില്ല. എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിൽ ഒരു refresher course കൊടുക്കുന്ന ഒരു സമ്പ്രദായമുണ്ടായിരുന്നു. അതുപോലെ ഈ അദ്ധ്യാപകർക്കും പരിശീലനം കൊടുക്കുന്നതിനുള്ള നടപടിയെടുത്തുവരികയാണ്.

ശ്രീ. ഓ. കോരൻ : ഹരിജനക്ഷേമവകുപ്പിന്റെ കീഴിലുള്ള യു. പി. സ്കൂളുകളിൽ ഹിന്ദി അദ്ധ്യാപകന്മാരെ നിയമിക്കാൻ തീരുമാനം എടുത്തിരുന്നു. അവരെ നിയമിച്ചിട്ടുണ്ടോ ? ഇല്ലെങ്കിൽ കഴിയുന്നതും വേഗത്തിൽ നിയമിക്കുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : യു. പി. സ്കൂളുകളിൽ ഹിന്ദി അദ്ധ്യാപകന്മാരെ നിയമിക്കാൻ ഈ സാമ്പത്തിക വർഷത്തിൽ സംഖ്യ നീക്കിവച്ചിട്ടുണ്ട് 64-65-ൽ നിയമിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly